സായം പൂർണ്ണമായും നിശ്ചലമാകും. അതുകൊണ്ട് കർണ്ണാടക, ആന്ധ്രാ, തമിഴ്നാട് സർക്കാരുകൾ ഇതിനെതിരെ കേന്ദ്ര ഗവണ്മെന്റിൽ നിവേദനം നൽകി സമ്മർദ്ദം ചെലുത്തിയതുപോലെ കുറേക്കൂടി ശക്തമായി സംസ്ഥാന ഗവണ്മെന്റ് ഈ പ്രശ്നത്തിൽ ഇടപെടണമെന്നും കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം 10 ശതമാനം പോലും കേരളത്തിൽ നിന്നും കൈത്തറി തുണി കയറ്റുമതി ചെയ്യാൻ കഴിഞ്ഞിട്ടില്ല. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഓണത്തിനുശേഷം തൊഴിൽ സ്തംഭിച്ചിരിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതി കണക്കിലെടുത്തുകൊണ്ട് ട്രേഡ് യൂണിയൻ സംഘടനകളുമായി അടിയന്തിരമായി ചർച്ച ചെയ്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്നത്തെ സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സ്പീക്കർ സർ, ഞാൻ ഇത് സംബന്ധിച്ച വിവരം വിശദമായി ഇവിടെ പറഞ്ഞതാണ്. സത്യൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിനും സമർപ്പിച്ചിട്ടുള്ള ശുപാർശകളിൽ കൈത്തറി റിസർവ്വേഷൻ നിയമം എടുത്തു കളയുന്നതിനും കഴിനൂൽ വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥയും hank yarn obligation പദ്ധതി നിർത്തലാക്കുന്നതിനും സബ്സിഡിയായി ധനസഹായം ലഭ്യമാക്കുന്നത് അവസാനിപ്പിക്കാനുമുള്ള ശുപാർശകൾ അതേപടി നടപ്പിലാക്കുകയാണെങ്കിൽ ഈ വ്യവസായത്തിന്റെ അവസ്ഥ കൂടുതൽ ദയനീയമാകാനാണ് സാദ്ധ്യത. ഇത് സംബന്ധിച്ച് ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ഇവിടെ നിന്നും കേന്ദ്രത്തിൽ ഒരു ഡെലിഗേഷൻ തന്നെ പോകുന്ന കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ഉപയോഗപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നുണ്ട്. സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞു. ഇതിന് ആവശ്യമായ എല്ലാ നടപടികളും എടുക്കുന്നതാണ്. ഇതിനുവേണ്ടി കൈത്തറി വ്യവസായത്തിലെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മിറ്റിയെ ഞങ്ങൾ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് അതിവേഗത്തിൽ തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നുരണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാമെന്നാണ് അവർ പറഞ്ഞത്. അതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ നടപടിയെല്ലാം എടുത്ത് കഴിയുന്നവിധത്തിൽ കൈത്തറി വ്യവസായത്തെ സഹായിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(19) കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തിപ്പിക്കണമെന്നആവശ്യം

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കോഴിക്കോട് ജില്ലയിൽപ്പെട്ട കുന്നത്തറ ടെക്സറ്റൈൽസ് കഴിഞ്ഞ അഞ്ചാറു വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്. അവിടെ 600-ൽ പരം തൊഴിലാളികളുണ്ട്. ഈ അഞ്ചാറു വർഷത്തിനുള്ളിൽ പത്തോളം തൊഴിലാളികൾ മരണപ്പെട്ടു കഴിഞ്ഞു. ഇവർ നിത്യ ദാരിദ്ര്യത്തിൽ അകപ്പെട്ടിരിക്കുകയാണ്. കോയമ്പത്തൂരിലെ ജി.എം. സ്വാമി അസോസിയേറ്റസ് സ്പോൺസർമാരായി കമ്പനി തുറക്കുമെന്ന് 1988 മുതൽ പറഞ്ഞു വരുന്നതാണ്. ഇതുവരെ യാതൊരു നടപടിയുമായിട്ടില്ല. അവിടത്തെ സംയുക്ത സമര സമിതി നിരവധി സമരങ്ങൾ നടത്തി. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇന്ന് ആ സംയുക്ത സമര സമിതി തിരുവന

LIBRARY ARCHIVES Kerala Legislative Assembly

ന്തപുരത്ത് സമരം നടത്തുകയാണ്. ദയവു ചെയ്ത് ബഹുമാനപ്പെട്ട മന്ത്രി അവരെയൊന്ന് വിളിച്ച് സംസാരിക്കാനെങ്കിലും തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനുപുറമെ അടിയന്തിരമായി ഇത് തുറക്കാനുള്ള ഏർപ്പാടും ചെയ്യണം. അവർ വളരെ കഷ്ടത്തിലും പ്രയാസത്തിലുമാണ്. അവിടെ സമരം നടത്തുന്ന തൊഴിലാളികളെ വിളിച്ച് ചർച്ച ചെയ്യുകയും അടിയന്തിരമായി ആ ടെക്സറ്റൈയിൽ മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ വേണ്ട നടപടിയും സ്വീകരിക്കുകയും ചെയ്യണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി. സുശീലാ ഗോപാലൻ</u>) : സ്പീക്കർ സർ, ഇതു സംബന്ധമായ എല്ലാ നടപടിയും എടുത്തുകൊണ്ടിരിക്കുകയാണ്. കോയമ്പത്തൂരിലെ വ്യവസായ പ്രതിനിധി ശ്രീ.ജി. എം. സ്വാമിയുമായി ഒരു എഗ്രിമെന്റ് ഒപ്പിട്ടിരുന്നു. ടെക്സ്റ്റൈൽ വ്യവസായത്തിലെ പ്രതിസന്ധിയുടെ ഫലമായി അദ്ദേഹത്തിന് ഒരു സ്ഥാപനത്തിൽ നിന്നും 30 ലക്ഷം രൂപ കടം കിട്ടിയില്ല. ഇപ്പോൾ കെ.എസ്.ഐ.ഡി.സി. യുമായി ഞാൻ തന്നെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 30 ലക്ഷം രൂപ ലോൺ കൊടുക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. കഴിയുന്നത്ര വേഗത്തിൽ വ്യവസായം തുടങ്ങുന്നതിനുള്ള എല്ലാ നടപടിയും എടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയില്ലെന്ന് പറയുന്നത് ശരിയല്ല. നിരവധി തവണ ചർച്ചകൾ നടത്തി. ശ്രീ. ജി.എം. സ്വാമിയെ തന്നെ മൂന്നു നാലു പ്രാവശ്യം ഞാൻ വിളിച്ച് ചർച്ച ചെയ്തു. കാര്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(20) കോഴിക്കോട് ജില്ലാ ട്രഷറിയിലെ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി

<u>ശ്രീ. എം.കെ. മുനീർ</u> : സർ, സാംസ്കാരിക പരിപാടിയിൽ പങ്കെടുത്ത സർക്കാർ ഉദ്യോഗസ്ഥന് അച്ചടക്ക നടപടിയും ഭീഷണിയും വന്നിരിക്കുന്നു. കോഴിക്കോട് ജില്ലാ ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റും ദളിത് സാഹിത്യ അക്കാഡമിയിലെ ജനറൽ സെക്രട്ടറിയുമായ ശ്രീ.വി. പ്രഭാകരനാണ് ഈ ദുരുദ്യോഗം ഉണ്ടായത്. ബുക്കർ സമ്മാനം നേടിയ അരുന്ധതി റോയിക്ക് കോഴിക്കോട് ദളിത് സാഹിത്യ അക്കാഡമി ഒരുക്കിയ സ്വീകരണത്തിൽ പങ്കെടുത്തതാണ് പ്രശ്നം. ശാസ്ത്ര സാഹിത്യ പരിഷത്തു സംഘടിപ്പിക്കുന്ന പരിപാടികളിൽ സർക്കാർ ഉദ്യോഗസ്ഥൻമാർ പങ്കെടുക്കാറുണ്ട്. പുരോഗമന കലാസാഹിത്യ സംഘത്തെ നിയന്ത്രിക്കുന്നത് സർക്കാർ ഉദ്യോഗസ്ഥന്മാരാണ്. ഇപ്പോൾ സർക്കാർ വിഭാവനം ചെയ്ത മാനവീയം സാംസ്കാരിക പരിപാടിയിൽ പങ്കെടുക്കുന്നതും സർക്കാർ ഉദ്യോഗസ്ഥന്മാർ തന്നെയാണ്. മാത്രമല്ല, ഗവണ്മെന്റ് സർവന്റ്സ് കോണ്ടക്ട് റൂൾ 73 അനുസരിച്ച് മുൻകൂട്ടി അനുമതി വേണമെന്നില്ല. അതിൽ 2-ാം ഖണ്ഡികയിൽ പറയുന്നത്, subject to the condition that should not be embarrassing to the Government. അരുന്ധതി റോയിക്ക് നൽകിയ സ്വീകരണം സർക്കാരിന് ഒരു തലത്തിലും ഭീഷണിയായിരുന്നില്ല. ഇതിൽ ഇടതുപക്ഷ അനുഭാവ സംഘടനയായ പുരോഗമന കലാസാഹിത്യ സംഘം നേതാക്കൾ ശക്തിയായി പ്രതിഷേധിച്ചിരുന്നു. അവർ പറയുന്നത് സർക്കാർ മാപ്പു പറയണമെന്നാണ്. മാത്രമല്ല, ശ്രീ.എം.ടി. വാസുദേവൻ നായർ, ശ്രീ. സുകുമാർ അഴിക്കോട് തുടങ്ങിയ ഇരുപതോളം പേർ ഒപ്പിട്ട ഒരു പ്രസ്താവന മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ട്. എം.വി. ദേവൻ, എൻ. റാം തുടങ്ങിയ ആളുകൾ പ്രതികരിച്ചിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾക്ക് പറയാനു

LIBRARY ARCHIVES Kerala Legislative Assembly